5397
14/3/17

കേരള സർക്കാർ

## സംഗ്രഹം

വനം-വന്യജീവി വകുപ്പ്-കോട്ടയം ഡിവിഷൻ-എരുമേലി റെയിഞ്ചിൽ മൗണ്ട് ഭാഗം കരിപ്പാപറമ്പിൽ കറിയാച്ചന്റെ 40 ഏക്കർ സ്ഥലത്തിന്റെ രേഖകളുടെ അവകാശത്തിൽ 150 ഏക്കർ സ്ഥലത്ത് ഏലം കൃഷി ചെയ്യുകയും കള്ളപാസ്സ് ഉപയോഗിച്ച് ടി സ്ഥലത്തെ മരങ്ങൾ മുറിച്ചു കൊണ്ടു പോകുകയും ചെയ്തുവെന്ന പരാതിയിൽ കുറ്റാരോപിതരായ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.എം.എസ്.വിജയൻ, എരുമേലി റെയിഞ്ചിലെ ഡെപ്യൂട്ടി റെയിഞ്ചർ ശ്രീ.എ.ആൽബർട്ട്, ഫോറസ്റ്റർ ശ്രീ.ആർ.ശശിധരൻ, ഫോറസ്റ്റ് ഗാർഡ് ശ്രീ.സി.ജ്ഞാനദാസ് എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ. (സാധാ) നം.69/2017/വനം                    തീയതി, തിരുവനന്തപുരം, 23.02.2017

---

പരാമർശം:- 1) 27.10.2009 ലെ വിജിലൻസ് വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ വിഇ 3-4820/08 നമ്പർ കത്ത്

2) 23.01.2010 ലെ ചീഫ് ഫോറസ്റ്റ് കൺസർവേറ്റ (ഭരണം) റുടെ ബി3-31763/2009 നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും

3) 09.01.2013 ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ (ഡി&പി) റുടെ ബി3-31763/09 നമ്പർ ഉത്തരവ്

4) 30.01.2015 ലെ കോട്ടയം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (ഹൈറേഞ്ച് സർക്കിൾ) സി-356/10 നമ്പർ കത്ത്

5) 26.02.2015 ലെ അഡിഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ (ഭരണം) റുടെ ബി3-31763/2009 നമ്പർ കത്ത്

6) 10.06.2015 ലെ 2724/എ 2/2015/വനം നമ്പർ കാരണം കാണിക്കൽ നോട്ടീസ്

7) 18.03.2016 ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ (ഡി&പി) റുടെ ബി3-31763/09 നമ്പർ കത്ത്.

8) 23.12.2016 ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ AI(1)3972/16/GW നമ്പർ കത്ത്

## ഉത്തരവ്

കോട്ടയം ഡിവിഷൻ എരുമേലി റെയിഞ്ചിൽ മൗണ്ട് ഭാഗം കരിപ്പാപറമ്പിൽ കറിയാച്ചന്റെ 40 ഏക്കർ സ്ഥലത്തിന്റെ രേഖകളുടെ അവകാശത്തിൽ 150 ഏക്കർ സ്ഥലത്ത് ഏലം കൃഷി ചെയ്യുകയും കള്ളപാസ് ഉപയോഗിച്ച് ടി സ്ഥലത്തെ മരങ്ങൾ മുറിച്ചു കൊണ്ടുപോകുകയും ചെയ്യുന്നെന്ന പരാതിയിന്മേൽ, വിജിലൻസ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. അതിൻ പ്രകാരം അന്നത്തെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.എം.എസ് വിജയൻ, എരുമേലി റെയിഞ്ചിലെ മുറിഞ്ഞപുഴ ഫോറസ്റ്റ് സ്റ്റേഷൻ ഡെപ്യൂട്ടി റെയിഞ്ചർ ശ്രീ.എ.ആൽബർട്ട്, ഫോറസ്റ്റർ ശ്രീ.ആർ ശശിധരൻ, ഫോറസ്റ്റ് ഗാർഡ്

ശ്രീ.ജ്ഞാനദാസ് എന്നിവർക്ക് പരാമർശം (2) പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി.

2. കുറ്റപത്രത്തിലെ ചാർജ്ജുകൾ താഴെപ്പറയും പ്രകാരമാണ്.

1) കോട്ടയം ഡിവിഷനിൽ എരുമേലി റെയിഞ്ചിൽപ്പെട്ട കരിപ്പാപറമ്പിൽ കറിയാച്ചന്റെ 40 ഏക്കർ സ്ഥലത്തിന്റെ രേഖകളുടെ അവകാശത്തിൽ 150 ഏക്കർ സ്ഥലത്ത് ഏലം കൃഷി ചെയ്യുകയും കള്ള പാസ് ഉപയോഗിച്ച് ടി സ്ഥലത്തെ മരങ്ങൾ മുറിച്ചുകൊണ്ട് പോകുന്നതിന് കൂട്ടുനിൽക്കുകയും ചെയ്തു.

2) എൽ.എ.പട്ടയ പ്രകാരം പ്രസ്തുത പട്ടയത്തിൽ നിൽക്കുന്ന മരങ്ങൽ സർക്കാരിൽ നിക്ഷിപ്തമാണ്. എന്നാൽ യാതൊരു അന്വേഷണവും നടത്താതെ അനധികൃതമായി 130 മരങ്ങൾ മുറിച്ച് നീക്കം ചെയ്യുന്നതിന് എരുമേലി റെയിഞ്ചാഫീസർ പെർമിറ്റ് നൽകി.

3) 2007 ഡിസംബർ മാസത്തിൽ മൗണ്ട് ഭാഗം പെരിയാർ വെസ്റ്റ് ഡിവിഷന്റെ അധികാരപരിധിയിൽ നിന്നും എരുമേലി റെയിഞ്ചിന്റെ അധികാര പരിധിയിലേയ്ക്ക് മാറ്റിയതിനു ശേഷമാണ് അനധികൃത മരംമുറി നടത്തപ്പെട്ടിട്ടുള്ളത്. അതിനാൽ റെയിഞ്ചാഫീസർ അടക്കമുള്ള ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുള്ള വീഴ്ചയും കുറ്റകരമായ അനാസ്ഥയുമാണ്.

4) 2005 ലെ വൃക്ഷ പ്രോത്സാഹന നിയമ പ്രകാരം ടി സ്ഥലത്തു നിന്നും വൃക്ഷങ്ങൾ മുറിക്കുന്നതിന് അനുവാദം ആവശ്യമാണ്. എന്നാൽ ടി നിയമത്തിന് വിരുദ്ധമായി പ്രവർത്തിച്ചതുവഴി ഗുരുതരമായ അച്ചടക്ക ലംഘനം നടത്തി.

3. കുറ്റപത്രത്തിന്മേൽ ശ്രീ.എം.എസ് വിജയൻ ഒഴികെയുള്ളവർ പ്രതിവാദ പത്രികകൾ സമർപ്പിക്കുകയും, ടിയാന്മാരെ നേരിൽ കേൾക്കുകയുമുണ്ടായി. തുടർന്ന് മേൽ വിഷയത്തിലെ യഥാർത്ഥ സർക്കാർ നഷ്ടം വസ്തുതാപരമായി തിട്ടപ്പെടുത്തുന്നതിനും കുറ്റാരോപിതർക്ക് തങ്ങളുടെ നിരപരാധിത്വം തെളിയിക്കുന്നതിന് ഒരവസരം കൂടി നൽകുന്നതിലേയ്ക്കുമായി പരാമർശം (3) പ്രകാരം ഔപചാരിക അന്വേഷണം നടത്താൻ ഉത്തരവായി. എന്നാൽ ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ സർക്കാർ നഷ്ടത്തെപ്പറ്റി പരാമർശം ഉണ്ടായിരുന്നില്ല. കുറ്റപത്രത്തിലോ കുറ്റാരോപണ പത്രികയിലോ ഔപചാരിക അന്വേഷണ വേളയിലോ ഈ കേസിൽ സർക്കാർ നഷ്ടം സംഭവിച്ചതായി രേഖപ്പെടുത്തുകയോ, അഭിപ്രായപ്പെടുകയോ ചെയ്തിട്ടില്ല, എന്നും അന്വേഷണ ഉദ്യോഗസ്ഥൻ എന്ന നിലയ്ക്ക് കുറ്റപത്രത്തിലും, കുറ്റാരോപണ പത്രികയിലും ആരോപിച്ചിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് മാത്രമേ ഔപചാരിക അന്വേഷണം നടത്തിയിട്ടുള്ളൂ എന്നും അന്വേഷണ അധികാരി അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റർ മുമ്പാകെ റിപ്പോർട്ട് ചെയ്യുകയുണ്ടായി. സർക്കാർ നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് ശിക്ഷണാധികാരിക്ക് ബോധ്യമാകുന്ന പക്ഷം ആയത് ഈടാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളാവുന്നതാണെന്നും അന്വേഷണ അധികാരി റിപ്പോർട്ട് ചെയ്തു.

4. ഔപചാരിക അന്വേഷണ ഉത്തരവിൽ സർക്കാർ നഷ്ടത്തെപ്പറ്റി പരാമർശമുണ്ടായിരുന്നു. അത് അന്വേഷണാധികാരി പരിശോധിച്ചിട്ടില്ല. തുടർന്ന് കൃത്യമായ സർക്കാർ നഷ്ടം കണക്കാക്കാൻ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (എച്ച്.ആർ.സി) റെ ചുമതലപ്പെടുത്തുകയും ഇടുക്കി ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ടിൻ പ്രകാരമുള്ള 130 മരങ്ങൾ മുറിച്ച് ശേഖരിച്ച 112 എം.റ്റി ബില്ലറ്റുകൾക്ക്

സീനിയറേജ് നിരക്കിലുള്ള വിലയായ 56,000/- (112x500) രൂപ മാത്രമാണ് സർക്കാർ നഷ്ടം എന്ന് പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. ടി നഷ്ടം (56,000/- രൂപ) വിരമിച്ച റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരായ സർവ്വശ്രീ.എ.ആൽബർട്ട്, എം.എസ്.വിജയൻ, ഫോറസ്റ്റർ, ആർ.ശശിധരൻ എന്നിവരിൽ നിന്നും സർവ്വീസിലുള്ള റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.സി.ജ്ഞാനദാസിൽ നിന്നും തുല്യമായി ഈടാക്കേണ്ടതുണ്ടെന്നും, സേവനത്തിലുള്ള ശ്രീ.ജ്ഞാനദാസിനൊഴികെ മറ്റുള്ള ഉദ്യോഗസ്ഥർക്ക് സർക്കാർ തലത്തിൽ കാരണം കാണിക്കൽ നോട്ടീസ് നൽകണമെന്നും ശ്രീ.ജ്ഞാനദാസിന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് തലത്തിൽ അച്ചടക്ക നടപടി തുടർന്ന് സ്വീകരിക്കുന്നതാണെന്നും പരാമർശം (5) പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അറിയിച്ചിരുന്നു.

6. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ പ്രസ്തുത ശുപാർശ പ്രകാരം മേൽ വിഷയത്തിലെ സർക്കാർ നഷ്ടമായ 56,000/- രൂപ കുറ്റാരോപിതരായ വിരമിച്ച റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരായ ശ്രീ.എ.ആൽബർട്ട്, ശ്രീ.എം.എസ്.വിജയൻ, ഫോറസ്റ്റർ, ശ്രീ.ആർ.ശശിധരൻ എന്നിവരുടെ ഡി.സി.ആർ.ജിയിൽ നിന്നും 14000/- രൂപ വീതം തുല്യമായി ഈടാക്കുന്നതിനും മേൽ വിഷയത്തിൽ നടത്തിയ ഔപചാരികാന്വേഷണത്തിൽ ടിയാന്മാർക്കെതിരെയുള്ള ചാർജ്ജുകൾ തെളിയിക്കപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ ടിയാന്മാരുടെ പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ വീതം 2 വർഷത്തേയ്ക്ക് കെ.എസ്.ആർ ഭാഗം മൂന്ന് റൂൾ മൂന്ന് പ്രകാരം ഈടാക്കാനും തീരുമാനിച്ച് പരാമർശം (6) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി.

7. കാരണം കാണിക്കൽ നോട്ടീസ് ടിയാൻമാർ കൈപ്പറ്റിയെങ്കിലും ആരും തന്നെ മറുപടി സമർപ്പിച്ചിട്ടില്ല എന്നും ടിയാന്മാർക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ അച്ചടക്കനടപടി തീർപ്പാക്കാവുന്നതാണെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (7) പ്രകാരം ശുപാർശ ചെയ്തു. ശ്രീ.എ.ആൽബർട്ട്, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട) ശ്രീ.എം.എസ്.വിജയൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട) ശ്രീ.ആർ ശശിധരൻ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ (റിട്ട) എന്നിവർക്ക് കാരണം കാണിക്കൽ നോട്ടീസിൽ താൽക്കാലികമായി തീരുമാനിച്ച പ്രകാരം സർക്കാർ നഷ്ടമായി 56,000/- രൂപ ടിയാന്മാരുടെ ഡി.സി.ആർ.ജി.യിൽ നിന്നും 14,000/- രൂപ വീതം തുല്യമായി ഈടാക്കുന്നതിനും ടിയാന്മാരുടെ പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ വീതം 2 വർഷത്തേയ്ക്ക് കെ.എസ്.ആർ.ഭാഗം മൂന്ന് റൂൾ മൂന്ന് പ്രകാരം ഈടാക്കാനും താൽക്കാലികമായി തീരുമാനിക്കുകയും ആയതിന്മേൽ ബഹു.കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായം ആരായുകയുകയും ചെയ്തു.

8. ഈ കേസ് ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച കമ്മീഷൻ സർക്കാരിന്റെ താൽക്കാലിക തീരുമാനത്തോട് യോജിക്കുകയും പരാമർശം (8) പ്രകാരം സർക്കാരിനെ അപ്രകാരം ഉപദേശിക്കുകയും ചെയ്തു.

9. മേൽ സാഹചര്യത്തിൽ സർക്കാർ നഷ്ടമായ 56,000/- രൂപ ശ്രീ.എ.ആൽബർട്ട്, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട) ശ്രീ.എം.എസ്.വിജയൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട) ശ്രീ.ആർ ശശിധരൻ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ (റിട്ട) എന്നിവർക്ക് നൽകിയ പരാമർശം (6) പ്രകാരമുള്ള കാരണം കാണിക്കൽ നോട്ടീസിൽ താൽക്കാലികമായി

ധാരുമാനിച്ച്, ടിയാന്മാരുടെ ഡി.സി.ആർ.ജി.യിൽ നിന്നും 14,000/- രൂപ വീതം തുല്യമായി ഈടാക്കുന്നതിനും ടിയാന്മാരുടെ പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ വീതം 2 വർഷത്തേയ്ക്ക് കെ.എസ്.ആർ.ഭാഗം മൂന്ന് റൂൾ മൂന്ന് പ്രകാരം ഈടാക്കാനുമുള്ള തീരുമാനം സ്ഥിരപ്പെടുത്തി അച്ചടക്ക നടപടി തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

10. ആവശ്യമായ തുടർ നടപടികൾ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അടിയന്തിരമായി കൈക്കൊള്ളേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പി മാരപാണ്ഡ്യൻ
അഡീഷണൽ ചീഫ് സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(ഭരണം)
ശ്രീ.എം.എസ്.വിജയൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ
ശ്രീ.എ.ആൽബർട്ട്, ഡെപ്യൂട്ടി റെയിഞ്ചർ,
ശ്രീ.ആർ.ശശിധരൻ, ഫോറസ്റ്റർ
ശ്രീ.സി.ജ്ഞാനദാസ്, ഫോറസ്റ്റ് ഗാർഡ്
(അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
വിവര സാങ്കേതിക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ